(എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി എത്ര വ്യവസായ പാർക്കുകൾ ഇതുവരെ ആരംഭിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കിളിമാനൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്;

(സി) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കു വേണ്ടി അവിടെ ഒരേക്കർ സ്ഥലം ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ വർഷം തന്നെ കിളിമാനൂർ നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന പദ്ധതി പ്രകാരം പട്ടാമ്പി, തൃശൂർ, അങ്കമാലി, മാരാരിക്കുളം, അമ്പലപ്പുഴ, കോട്ടയം, തിരുവല്ല, ചാത്തന്നൂർ, കഴക്കൂട്ടം എന്നീ നിയോജകമണ്ഡലങ്ങളിൽ ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കിളിമാനൂർ നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്കിനാവശ്യമായ ഭൂമി ഇതുവരെ ലഭിച്ചിട്ടില്ല. ടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഴയകുന്നുമ്മേൽ പഞ്ചായത്തിൽ പാർക്കിനാവശ്യമായ ഭൂമി കണ്ടെത്തി നൽകാമെന്ന് പഞ്ചായത്ത് പ്രസിഡന്റ് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(സി) ലഭിച്ചിട്ടില്ല.

(ഡി) അനുയോജ്യമായ സ്ഥലം സൗജന്യമായി ലഭിച്ചാൽ ഈ വർഷം തന്നെ പാർക്ക് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

5 (1231) വ്യാവസായിക മേഖലയിലെ കേന്ദ്രനിക്ഷേപം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക മേഖലയിൽ കേന്ദ്രനിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഫലമായി കേന്ദ്രനിക്ഷേപം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വ്യക്തമാക്കുമോ;

(സി) ഏറ്റവും അവസാനം ലഭ്യമായ കണക്കനുസരിച്ച് കേരളത്തിലെ കേന്ദ്രനിക്ഷേപം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര നിക്ഷേപം കൂട്ടുന്നതിനായി പുതിയ പദ്ധതികൾ ആരംഭിക്കുവാൻ വർഷങ്ങളായി കേരള സർക്കാർ അപേക്ഷിക്കുകയാണ്. റെയിൽവേ കോച്ച് ഫാക്ടറി, ഓർഡിനൻസ് ഫാക്ടറി, എണ്ണ ശുദ്ധീകരണശാല, മാരുതി കാർ ഫാക്ടറി തുടങ്ങിയവ ആരംഭിക്കുവാൻ പലപ്പോഴായി കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇവിടെ നിലവിലുള്ള 19 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും കൂടുതൽ മുതൽമുടക്കി വികസന വൈവിദ്ധ്യീകരണ പ്രവർത്തനങ്ങൾ നടത്താനായി പ്രോൽസാഹിപ്പിക്കുന്നുണ്ട്. കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിൽ സംസ്ഥാനത്തിനുവേണ്ടി ശബ്ദമുയർത്താൻ നമ്മുടെ പാർല മെന്റ് അംഗങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 1996 മുതൽ 1998 വരെയുള്ള കേന്ദ്ര നിക്ഷേപം ചുവടെ ചേർക്കുന്നു.

31.3.1996 3390.02 കോടി

31.3.1997 3991.76 കോടി

31.3.1998 4715.80 കോടി

(സി) ഏറ്റവും അവസാനം ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്തെ കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം 31.3.1998-ൽ 4715.80 കോടി രൂപയായിരുന്നു. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ 1.5 ശതമാനമാണ്.

6 (1232) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ബി.ഐ.എഫ്.ആർ-ന് റഫർ ചെയ്തിട്ടുള്ളത്;

(ബി) ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരി ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു; ഇത് സംബന്ധിച്ച് ആരെല്ലാമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ട്;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുതിയതായി സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നു; എത്രകോടി രൂപാ വീതം?

ഉത്തരം

(എ) ഓട്ടോ കാസ്റ്റ് ലിമിറ്റഡ് ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രി ക്കൽസ് കേരള ലിമിറ്റഡ് കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ് കെൽട്രോൺ റെക്ടിഫൈ യേസ് ലിമിറ്റഡ്, കെൽട്രോൺ കൗൺടേഴ്സ് ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് ബി.ഐ.എഫ്. ആർ-ന് റഫർ ചെയ്തിട്ടുള്ളത്.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) വിവിധ മേഖലകളിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപന ങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി എല്ലാ സെക്ടറുകളിലും വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. കമ്പനികളുടെ പുനരുദ്ധാരണത്തിനാ യുള്ള പ്രൊപ്പോസലുകളിൻമേൽ വിദഗ്ധ കമ്മിറ്റികൾ വിശദമായ പഠനം നടത്തി അതുപ്രകാരമുള്ള മാർഗ്ഗരേഖകളിൻമേൽ നടപടികൾ സ്വീകരിച്ചു കഴി ഞ്ഞതിനുശേഷം മാത്രമേ ഓരോ കമ്പനിക്കും എത്ര രൂപാ വീതം നൽകു മെന്ന് പറയാൻ കഴിയൂ. കേരള ഇൻഡസ്ട്രിയൽ റീ വൈറ്റലൈസേഷൻ ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly